'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - തൃശ്ശൂർ ജില്ല - തളിക്കുളം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. വി.എൻ. നന്ദകുമാറിനെതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.737/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 28/03/2019**

പരാമർശം:- 1 ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ന്റെ 14.11.2016-ലെ സിടിപിവിജി/275/16 നമ്പർ കത്ത്

2 പഞ്ചായത്ത് ഡയറക്ടറുടെ 27.03.2018-ലെ ഡി7-1823/18 നമ്പർ കത്ത്

3 സർക്കാരിന്റെ 16.06.2018-ലെ ഇപിബി3/185/2017/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

4 ശ്രീ. വി.എൻ. നന്ദകുമാർ സമർപ്പിച്ച 02.11.2018-ലെ പ്രതിവാദ പത്രിക

## ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ തളിക്കുളം വില്ലേജിലെ 241/4 എന്ന സർവ്വേ നമ്പരിൽ ഉൾപ്പെട്ടതും, ഡാറ്റാ ബാങ്കിൽ നെൽ വയൽ എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ സ്ഥലത്ത് നെൽവയൽ തണ്ണീർത്തട നിയമനം ലംഘിച്ച് അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നതായി ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)-നു ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയതിൽ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ടിലെ വകുപ്പ് 10 പ്രകാരം പൊതു ആവശ്യത്തിനായി നെൽ വയൽ രൂപപ്പെടുത്തുന്നതിന് ബന്ധപ്പെട്ട പ്രാദേശിക നിരീക്ഷണ സമിതിയുടെ കൺവീനർ മുമ്പാകെ ഫോറം-2-ൽ അപേക്ഷ സമർപ്പിച്ച് അനുമതി ലഭ്യമാക്കുക എന്ന നിയമാനുസൃത നടപടി സ്വീകരിച്ചതായി കാണുന്നില്ലായെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ തളിക്കുളം ഗ്രാമപഞ്ചായത്തിൽ 15-ാം വാർഡിൽ അനധികൃതമായി നെൽവയൽ പരിവർത്തനം ചെയ്ത് അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയ തളിക്കുളം ഗ്രാമപഞ്ചായത്തിലെ സെക്രട്ടറിയായിരുന്ന ശ്രീ. വി.എൻ. നന്ദകുമാറിനെതിരെ കെ.സി.എസ്.(സി.സി.&എ) പ്രകാരമുള്ള അച്ചടക്ക നടപടി ആരംഭിക്കുന്നതിനു മുമ്പ് ശ്രീ. വി.എൻ. നന്ദകുമാർ 30.06.2017-ന് സേവനത്തിൽ നിന്നും വിരമിച്ചതിനാൽ പ്രസ്തുത ക്രമക്കേടിന് ശ്രീ. വി.,എൻ. നന്ദകുമാറിനെതിരെ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3(ബി) പ്രകാരം നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം 5 വർഷത്തേയ്ക്ക് കുറവ് വരുത്താൻ താൽക്കാലിക തീരുമാനമെടുത്ത് പരാമർശം (3) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. നന്ദകുമാർ പരാമർശം (4) പ്രകാരം പ്രതിവാദ പത്രിക സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. വി.എൻ. നന്ദകുമാറിന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം 5 വർഷത്തേയ്ക്ക് കുറവ് വരുത്താൻ താൽക്കാലിക തീരുമാനമെടുത്ത് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതിനാൽ ശ്രീ. വി.എൻ. നന്ദകുമാറിനെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ തളിക്കുളം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. വി.എൻ. നന്ദകുമാറിനെതിരെ ചുമത്തിയിട്ടുള്ള ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്.മോഹനദാസ്**
**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

   (പരാമർശം (1), (2), (3), (4) എന്നിവയുടെ പകർപ്പുകൾ സഹിതം)

2. ശ്രീ. വി.എൻ. നന്ദകുമാർ, മുൻ സെക്രട്ടറി, തളിക്കുളം ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പ്രസിഡന്റ്/സെക്രട്ടറി, തളിക്കുളം ഗ്രാമപഞ്ചായത്ത്
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/185/2017/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ